DESPATCHED
On..10/5/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 771(6)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6803/*എസ്.ഐ.സി–ജി 5/2021*)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 09.05.2022

ഡോ. യു. ശങ്കര നാരായണ ഭട്ട്,
ചിന്മയ മിഷൻ ഹൗസിംഗ് കോളനി,
വിദ്യാനഗർ,
വിദ്യാനഗർ പി.ഒ,
കാസർഗോഡ് – 671 123. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഗവൺമെന്റ് കോളേജ്,
വിദ്യാനഗർ പി.ഒ, കാസർഗോഡ്.

2. അപ്പീൽ അധികാരി,
പ്രിൻസിപ്പാൾ,
ഗവൺമെന്റ് കോളേജ്, കാസർഗോഡ്,
വിദ്യാനഗർ പി.ഒ, കാസർഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/08/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 06/05/2022<br>ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായില്ല |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ഡോ. യു. ശങ്കര നാരായണ ഭട്ട്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിലും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 21.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 1969-70, 1970-71 വർഷങ്ങളിൽ എതിർകക്ഷി കോളേജിലെ കന്നട ഡിപ്പാർട്ടുമെന്റിലെ അധ്യാപകരുടെ അറ്റന്റൻസ് രജിസ്റ്ററിന്റെ പകർപ്പാണ്.

3. ഹർജിക്കാരന്റെ 21.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.12.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 30.12.2020 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 30.01.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 13.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അധ്യാപക ജീവനക്കാരുടെ ഹാജർ പുസ്തകം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിന് കന്നട അധ്യാപകരുടെ 1969-70, 1970-71 വർഷത്തെ ഹാജർ പുസ്തകം സമർപ്പിക്കുന്നതിന് കന്നട വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും എന്നാൽ കന്നട ഡിപ്പാർട്ടുമെന്റിൽ വകുപ്പ് മേധാവി നടത്തിയ പരിശോധനയിൽ പ്രസ്തുത ഹാജർ പുസ്തകം കണ്ടെത്താൻ സാധിച്ചിരുന്നില്ല എന്നും ടി വിവരം 01.12.2020 ൽ അപേക്ഷകനെ അറിയിച്ചിരുന്നുവെന്നും കൂടാതെ 1969-70, 1970-71 വർഷങ്ങളിലെ ഹാജർ പുസ്തകം കണ്ടെത്തുന്നതിനുള്ള തിരച്ചിൽ തുടർന്നിരുന്നുവെന്നുമാണ്. എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാ

ലാണ് ടിയാൻ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചതെന്നും അപ്പീലധികാരി കന്നട ഡിപ്പാർട്ടുമെന്റിലെ 1969–70, 1970–71 വർഷത്തെ ഹാജർ പുസ്തകം കണ്ടെത്തുന്നതിനുള്ള തിരച്ചിൽ നടത്തുന്നതിന് കോളേജിലെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും പൊളിറ്റിക്കൽ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ശ്രീമതി ശ്രീകല വി.പി. യെ കോഓർഡിനേറ്ററാക്കി 11 അംഗ സമിതി രൂപീകരിച്ച് ഉത്തരവിറക്കിയിരുന്നു എന്നും പത്ത് ദിവസത്തിനുള്ളിൽ പരിശോധന റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതിയ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹാജർ പുസ്തകം ഉണ്ടാകുവാൻ സാധ്യതയുള്ള കന്നട ഡിപ്പാർട്ടുമെന്റ്, കന്നട വകുപ്പ് മേധാവിയുടെ റൂം, കോളേജ് സ്റ്റോർ റൂം, ഓഫീസ് പ്രിൻസിപ്പാൾ റൂം, വൈസ് പ്രിൻസിപ്പാൾ റൂം എന്നീ സ്ഥലങ്ങളിൽ കോഓർഡിനേറ്ററുടെ നേതൃത്വത്തിൽ സമിതിയിലെ 11 അംഗങ്ങൾ 14 ദിവസം സൂക്ഷ്മ പരിശോധന നടത്തിയിട്ടും 50 വർഷത്തിൽ അധികം പഴക്കമുള്ള 1969–70, 1970–71 വർഷത്തെ ഹാജർ പുസ്തകം കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ടി വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് അന്വേഷണ സമിതി കോഓർഡിനേറ്റർ 30.01.2021 ൽ കോളേജ് ഓഫീസിൽ സമർപ്പിച്ചുവെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് 30.01.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നാണ്. കൂടാതെ കോളേജിന്റെ റെക്കോർഡ് റൂമിന്റെ മേൽക്കൂരയിലെ വിള്ളലിലൂടെ മഴ വെള്ളം അകത്ത് കയറി പല ഫയലുകളും നശിച്ചു പോയിട്ടുണ്ടെന്ന് അറിയാൻ സാധിച്ചുവെന്നും കോവിഡ് 19 കാലയളവിലും വളരെ പരിശ്രമിച്ച് തിരച്ചിൽ നടത്തിയെങ്കിലും 1969–70, 1970–71 കാലയളവിലെ ഹാജർ പുസ്തകം കണ്ടെത്താൻ സാധിക്കാതിരുന്നത് ടി രേഖകൾ കാലപ്പഴക്കം കൊണ്ടോ, മുൻ വർഷങ്ങളിൽ കോളേജിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ മൂലമോ, സ്റ്റോർ റൂമിൽ വെള്ളം കയറിയതു മൂലമോ വീണ്ടെടുക്കുവാൻ പറ്റാത്ത വിധം നശിച്ചു പോയിട്ടുണ്ടാവാനാണ് സാധ്യത എന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമായതായി കാണുന്നില്ല. 06.05.2022 ൽ കമ്മീഷൻ കണ്ണൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഹർജി

ക്കാരന് പങ്കെടുക്കുവാൻ പറ്റാത്തതിന്റെ കാരണം രേഖാമൂലം കമ്മീഷനിൽ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിന്റെ കാരണമോ കമ്മീഷനിൽ അറിയിച്ചിട്ടില്ലാത്തതാണ്. ഹിയറിംഗ് നോട്ടീസ് കൈപ്പറ്റിയിട്ടും ഹിയറിംഗിൽ പങ്കെടുക്കാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടിയെ കമ്മീഷൻ വളരെ ഗൗരവമായി കാണുന്നു. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ ഹാജരാവാതിരുന്നതിന്റെ വിശദീകരണം 23.05.2022 -ാം തീയതി 11.30 am ന് ടിയാൻ നേരിട്ട് കമ്മീഷൻ ഓഫീസിൽ ഹാജരായി നൽകേണ്ടതാണ്. കൂടാതെ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 1969-70, 1970-71 വർഷത്തെ കന്നട ഡിപ്പാർട്ടുമെന്റിലെ അധ്യാപകരുടെ അറ്റന്റൻസ് രജിസ്റ്റർ കണ്ടെത്തുന്നതിന് ഒരു ശ്രമം കൂടി നടത്തേണ്ടതാണെന്നും ആയത് ലഭ്യമാകുന്നെങ്കിൽ ആയത് ഹർജികക്ഷിയ്ക്ക് സൗജന്യമായി നൽകേണ്ടതും ആ വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 മെയ് മാസം 09-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm